**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2019 - പാലക്കാട് ജില്ല – മണ്ണാർക്കാട് താലൂക്ക് - പാലക്കയം വില്ലേജിൽ ശ്രീ. രാജീവിന് അപകട ഭീഷണി നിലനിൽക്കുന്ന സ്ഥലത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 2874/2022 /റവ.** **തിരുവനന്തപുരം, തീയതി, 30.06.2022**

---

പരാമർശം:- 1. 19.08.2019 തീയതിയിലെ സ.ഉ. (സാധാ) നം.520/2019/ഡിഎംഡി
2. 23.08.2019 തീയതിയിലെ സ.ഉ.(കൈ) നം.25/2019/ദു.നി.വ.
3. 17.04.2022 തീയതിയിലെ സ.ഉ. (സാധാ) നം.354/2022/ഡിഎംഡി

**ഉത്തരവ്**

സംസ്ഥാന വ്യാപകമായി ധാരാളം ഉരുൾപൊട്ടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത്തരം മേഖലകളിൽ നിന്നും മുൻ കരുതൽ എന്ന നിലയിൽ പൊതുജനങ്ങളെ ഒഴിപ്പിച്ച് മാറ്റി പാർപ്പിക്കുന്നതിനായി പ്രസ്തുത മേഖലകൾ കണ്ടെത്താൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന വ്യാപകമായി 49 ടീമുകളെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പാലക്കാട് ജില്ലയിലെ ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന പ്രദേശമായ മണ്ണാർക്കാട് താലൂക്കിൽ പാലക്കയം വില്ലേജിൽ ചെറിയപാലയ്ക്കൽ വീട്ടിൽ ശ്രീ രാജീവിനെ അപകടഭീഷണി നിലനിൽക്കുന്ന സ്ഥലത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് വെയ്ക്കുന്നതിനായി 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഈ സാഹചര്യത്തിൽ പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, മണ്ണാർക്കാട് താലൂക്കിൽ പാലക്കയം വില്ലേജിൽ ചെറിയപാലയ്ക്കൽ വീട്ടിൽ ശ്രീ. രാജീവ് എന്നയാൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും **9,04,900/- (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** ( 23.08.2019 തീയതിയിലെ സ.ഉ. (കൈ) 25/2019/ദു.നി.വ പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും സമതല പ്രദേശങ്ങളിലെ വീടുകൾക്ക് അനുവദിക്കുന്ന 95,100/- രൂപ കിഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന 3,04,900/- (മൂന്ന് ലക്ഷത്തി

നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയും സ്ഥലം വാങ്ങുന്നതിനുള്ള 19.02.2019 തീയതിയിലെ സ.ഉ. (കൈ) 38/2019/ദു.നി.വ പ്രകാരം 6 ലക്ഷം രൂപയും ചേർത്ത്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകാവുന്നതാണ്

4. വിതരണത്തിനാവശ്യമായിവരുന്ന **9,04,900/- (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.A/c അക്കൗണ്ടിൽ നിന്നും തുക പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിറാണി.കെ**

**ഡെപ്യൂട്ടി സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**